Draft #11 of File 23076/AC A1-1/2020/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 07-May-2021 12:20 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2020-21 അധ്യയന വർഷത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാനായി ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച കോളേജുകളിൽ ടി കോഴ്സുകൾ 2021-22 അധ്യയന വർഷം ആരംഭിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്നതിന് ചാൻസലറുടെ അനുമതി വാങ്ങുവാൻ ശിപാർശ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2348/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.05.2021

---

*പരാമർശം:*-1.G.O. (Ms) No. 112/2021/HEDN തീയതി. 17.02.2021

2. 12.04.2021 തീയതിയിൽ കൂടിയ സിന്റിക്കേറ്റ് ഉപസമിതി അഫിലിയേഷൻ & അപ്രൂവൽ യോഗത്തിന്റെ ഇനം.നം. 23076/ACA1-1/2020 പ്രകാരമുള്ള ശിപാർശ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 2020-21 അധ്യയന വർഷത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാനായി ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും താഴെ പറയുന്ന കോളേജുൾക്ക് ഭരണാനുമതി ലഭിച്ചിരുന്നു.

| ക്രമ നം. | കോളേജ് | ഭരണാനുമതി ലഭിച്ച കോഴ്സുകൾ |
|---|---|---|
| 1 | ഗവ. കോളേജ്, മൂന്നാർ | B.Sc Botany |
| 2 | ഗവ. കോളേജ്, ശാന്തൻപാറ | B.Sc Chemistry |
| 3 | ഗവ. കോളേജ്, കട്ടപ്പന | B.Sc Physics |
| 4 | ശ്രീ നാരായണ ആർട്സ് &സയൻസ് കോളേജ്, പാമ്പനാർ | B.A Economics |

ഭരണാനുമതി ലഭിച്ചിരിക്കുന്ന കോഴ്സുകൾക്കായി ബന്ധപ്പെട്ട കോളേജുകൾ സർവ്വകലാശാലയിൽ നിശ്ചിത മാതൃകയിലും മതിയായ ഫീസോടുകൂടിയും അപേക്ഷ സമർപ്പിക്കേണ്ടതും അനുമതി ലഭിച്ച കോഴ്സ് ആരംഭിക്കുവാൻ പര്യാപ്തമായ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ കോളേജുകളിൽ ഉണ്ടോയെന്ന് സർവ്വകലാശാലാ അന്വേഷണ സമിതി പരിശോധിക്കേണ്ടതുമുണ്ട്. കൂടാതെ 2020-21 അധ്യയന വർഷത്തിലെ യു.ജി/ പി.ജി/ ന്യൂ ജനറേഷൻ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ അവസാനിച്ച

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കഴിഞ്ഞതുമാണ്.

പരാമർശം(2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവൽ യോഗം, പുതിയ കോഴ്സുകൾ ആരംഭിക്കുവാനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച മേൽ പട്ടികയിൽ ചേർത്തിരിക്കുന്ന കോളേജുകളിൽ ടി കോഴ്സുകൾ 2021-22 അധ്യയന വർഷം ആരംഭിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്നതിന് ചാൻസലറുടെ അനുമതി വാങ്ങുന്നതിന് ശിപാർശ ചെയ്തു.

ടി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം 03.05.2021 തീയതിയിൽ വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ്
2. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ
3. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
4. രജിസ്ട്രാർ/എഫ് ഒ/സി .ഇ എന്നിവരുടെ പി എ മാർ
5. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്)
6. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ /ഐ.ക്യൂ.എ.സി/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. എസിസി1/എസിസി2/എ റ്റി ആർ /CITAD
8. കരുതൽ ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #11 of File 23076/AC A1-1/2020/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 07-May-2021 12:20 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം